കോഴിക്കോട് ജില്ലയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

96 (145) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതൊക്കെ ബ്ലോക്കുകളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും ഏതൊക്കെ ബ്ലോക്കുകളിലാണ് സി.എച്ച്.സി. അനുവദിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കൊടുവള്ളി ബ്ലോക്കിൽ സി.എച്ച്.സി. അനുവദിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാവിധ സൗകര്യങ്ങളുമുള്ള കൊടുവള്ളി പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള ബുദ്ധിമുട്ട് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചേലന്നൂർ, കുന്നമംഗലം, പേരാമ്പ്ര, ബാലുശ്ശേരി, കുന്നുമ്മേൽ, വടകര, കൊടുവള്ളി എന്നീ ബ്ലോക്കുകളിൽ.

(ബി) തുമ്പേരി, തോടന്നൂർ, ചേലടി, പന്തലായനി, കോഴിക്കോട് എന്നീ ബ്ലോക്കുകളിൽ.

(സി)&(ഡി) ഉണ്ട്. കൊടുവള്ളി ബ്ലോക്കിലെ താമരശ്ശേരി ഗവ: ആശുപത്രി സാമൂഹ്യാരോഗ്യ കേന്ദ്രമായി ഈ വർഷം ഉയർത്തിയിട്ടുണ്ട്.

(ഇ) സാമ്പത്തികലഭ്യതയ്ക്കനുസൃതമായി ഘട്ടംഘട്ടമായി ഓരോ ബ്ലോക്കുകളിലും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച പ്രമേയത്തിൽ കൊടുവള്ളി ബ്ലോക്കിൽ അനുവദിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താമരശ്ശേരിയിലായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൊടുവള്ളി പി.എച്ച്.സി. ഒരു ഡോക്ടർമാത്രം പ്രവർത്തിക്കുന്ന ഒരു മിനിപ്രാഥമികാരോഗ്യ കേന്ദ്രമാണ്. ഇത്തരം സ്ഥാപനങ്ങളെ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നതിന് സാങ്കേതികവും പ്രായോഗികവുമായ ഒവൈഷമ്യങ്ങൾ ഉണ്ട്.

പാമ്പുവിഷത്തിന് ഫലപ്രദമായ ചികിത്സ

97 (146) ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചിരുന്ന പ്രേമരാജൻ എന്ന രോഗി ആശുപത്രിയിൽ നിന്ന് ഫലപ്രദമായ ചികിത്സ ലഭിക്കാത്തതിനെ തുടർന്ന് മരിച്ചതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly